സിറാജ്

**23 August 2017**

### കർഷക വരുമാനം ഇരട്ടിപ്പിക്കൽ

# വികസന പദ്ധതികളുടെ പ്രഖ്യാപനം നാളെ

**കൊച്ചി:** കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കുന്നതിനുള്ള എറണാകുളം ജില്ലാതല വികസന പദ്ധതികൾ നാളെ പ്രഖ്യാപിക്കും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി എം എഫ്ആർ ഐ) നടക്കുന്ന ചടങ്ങിൽ, 2022 ഓടുകൂടി എല്ലാതരം കർഷകരുടെയും വരുമാനം ഇരട്ടിയാക്കുന്നതിനുള്ള ഏഴിന കർമ പദ്ധതികളാണ് പ്രഖ്യാപിക്കുക.

അടിസ്ഥാന സൗകര്യവികസനം, ജൈവകൃഷി, ഗുണനിലവാരമുള്ള വിത്തുകൾ, വിപണനം, മൂല്യവർധിത ഉത്പാദനം, ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടതാണ് ഏഴിന സമഗ്ര കാർഷിക പദ്ധതികൾ.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച നവഭാരത പ്രസ്ഥാനം 2017-22 പദ്ധതിയുടെ എറണാകുളം ജില്ലാതല പരിപാടിയാണിത്. സി എം എഫ് ആർ ഐയുടെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രമാണ് പരിപാടി സംഘടിപ്പിക്കുന്നത്. 'നിശ്ചയദാർഢ്യത്തിലൂടെ ഫലപ്രാപ്തിയിലേക്ക്' എന്ന സന്ദേശത്തിൽ രാജ്യമൊട്ടാകെ എല്ലാ ജില്ലകളിലും നടന്നുവരുന്ന നവഭാരത് പ്രതിജ്ഞ, കർഷകശാസ്ത്രജ്ഞ മുഖാമുഖം എന്നിവയുമടങ്ങിയതാണ് പരിപാടി.

'സ്വന്തം കൃഷി: സുരക്ഷിത ഭക്ഷ്യോൽപാദനം' എന്ന വിഷയത്തിൽ നടക്കുന്ന കർഷകശാസ്ത്രജ്ഞ മുഖാമുഖത്തിൽ ജൈവപച്ചക്കറി കൃഷി, മുട്ടയുൽപാദനം, മൃഗസംരക്ഷണം, ഇറച്ചി ഉൽപാദനം, മത്സ്യകൃഷി, മണ്ണ് പരിപാലനം, ജൈവവളങ്ങളുടെയും മൂല്യവർധിത വസ്തുക്കളുടെയും ഉത്പാദനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് കർഷകരുടെ സംശയങ്ങൾക്ക് സി എം എഫ് ആർ ഐ, കേരള കാർഷിക സർവകലാശാല, എറണാകുളം കൃഷിവിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിലെ വിദഗ്ധർ മറുപടി പറയും. കൂടാതെ, പരിപാടിയിൽ പങ്കെടുക്കുന്ന കർഷകർക്ക് വിവിധയിനം വിത്തുകളുടെ സൗജന്യ കാർഷിക കിറ്റ് വിതരണം ചെയ്യും.

നവഭാരത പ്രതിജ്ഞക്ക് പ്രൊഫ. കെ വി തോമസ് എം പി നേതൃത്വം നൽകും. വികസന പദ്ധതികളുടെ പ്രഖ്യാപനവും വിശദീകരണവും ഡൽഹി ആസ്ഥാനമായ ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ഐ സി എ ആർ) അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ പ്രവീൺ പുത്ര നിർവഹിക്കും. സി എം എഫ് ആർ ഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിക്കും.

പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ള കർഷകർക്ക് 8281757450 എന്ന നമ്പരിൽ ഇന്ന് വൈകീട്ട് അഞ്ച് മണിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.